**മധുരമായ കുട്ടികളേ - വിചാരസാഗര മഥനം ചെയ്ത് ഭാരതത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും പുതിയ ലോകത്തിന്റെ കാലഘട്ടവും തെളിയിച്ച് പറഞ്ഞുകൊടുക്കു എങ്കിൽ കല്പത്തിന്റെ ആയുസ്സ് തെളിയിക്കപ്പെടും.**

**ചോദ്യം:-** ഏതൊരു വിചാരമാണ് ഇപ്പോൾ മനുഷ്യരിൽ നിന്നും വ്യത്യസ്ഥമായി നിങ്ങൾ കുട്ടികൾക്കുള്ളത്?
**ഉത്തരം:-** മുങ്ങിപ്പോയ വിശ്വമാകുന്ന കപ്പലിനെ നമ്മൾക്ക് രക്ഷിക്കണം, എല്ലാവർക്കും സത്യം സത്യമായ സത്യ നാരായണന്റെ കഥ അല്ലെങ്കിൽ അമരകഥ കേൾപ്പിച്ച് അതിലൂടെ എല്ലാവരുടെയും ഉന്നതി ഉണ്ടാക്കണം എന്ന് വിചാരം നിങ്ങൾക്കുണ്ട്. ഇത്ര വലിയ വലിയ കൊട്ടാരങ്ങൾ, വൈദ്യുതി തുടങ്ങി സർവ്വതും ഉണ്ട് എന്നാൽ ഇതെല്ലാം കൃത്രിമമായ അസത്യമായ ഉന്നതിയാണെന്ന് അവർക്ക് അറിയില്ല. സത്യമായ ഉന്നതി സത്യയുഗത്തിലായിരുന്നു, അത് ബാബ ഇപ്പോൾ വന്ന് ചെയ്യുന്നു.

**ഗീതം:-** വീണ്ടും ആ ദിനം ഇന്ന് എത്തി.....

**ഓം ശാന്തി**. പാവപ്പെട്ടവരുടെ കൂടെ വസിക്കുന്നവൻ എത്തിയെന്നത് ശരി, പക്ഷെ ശരിയായ തീയതി എഴുതാറില്ല. ഏതെങ്കിലും ദിവസം, വർഷം വേണമല്ലോ. ഇന്ന് ഇന്ന ദിവസമാണ്, ഇന്ന മാസമാണ്, ഇന്ന വർഷമാണ് എന്ന് പറയാറില്ലേ. പാവപ്പെട്ടവരുടെ കൂടെ വസിക്കുന്ന ബാബ എപ്പോൾ വന്നു? ഇത് എഴുതിയിട്ടില്ല. ലക്ഷ്മീ നാരായണൻ സത്യയുഗത്തിന്റെ ആദിയിൽ ഉണ്ടായിരുന്നെങ്കിൽ അവരുടെയും വർഷം ഉണ്ടാകണം. ഇന്ന വർഷം ഇവരുടെ രാജ്യമായിരുന്നു. ലക്ഷ്മീ നാരായണന്റെയും വർഷമുണ്ട്, മറ്റ് എല്ലാവർക്കും തങ്ങളുടേതായ വർഷമുണ്ട്. ഗുരുനാനാക്കിന്റെയും ഇന്ന വർഷം ജനിച്ചു എന്ന് എഴുതിയിട്ടുണ്ടാകും. വർഷമില്ലാതെ അറിയാൻ സാധിക്കില്ല. ഈ ലക്ഷ്മീ നാരായണൻ ഭാരതത്തിൽ രാജ്യം ഭരിച്ചിരുന്നു എങ്കിൽ തീർച്ചയായും വർഷം ഉണ്ടാകണം. അവരുടെ സംവത്സരം എന്നാൽ സ്വർഗത്തിന്റെ സംവത്സരം. ലക്ഷ്മീ നാരായണൻ സ്വർഗത്തിൽ രാജ്യം ഭരിച്ചിരുന്നു, ഏത് വർഷം മുതൽ ഏത് വർഷം വരെ എന്ന് ചോദിച്ചാൽ 5000 വർഷമെന്ന് തന്നെ പറയാം. ഗീതാ ജയന്തിക്ക് കുറച്ച് വ്യത്യാസം ഉണ്ട്. ശിവ ജയന്തിയിലും ഗീതാ ജയന്തിയിലും വ്യത്യാസം ഇല്ല. കൃഷണ ജയന്തിയിൽ വ്യത്യാസം വരും. ലക്ഷ്മീ നാരായണന്റെ അതേ സംവത്സരം എഴുതണം. ജനങ്ങൾക്ക് എങ്ങനെ പറഞ്ഞ് കൊടുക്കാം എന്ന് ഇതിനെ കുറിച്ചും വിചാര സാഗരമഥനം ചെയ്യണം. ലക്ഷ്മീ നാരായണന്റെ സംവത്സരം എന്തുകൊണ്ടാണ് കാണിക്കാത്തത്. വിക്രമ സംവത്സരം കാണിക്കുന്നുണ്ട്, ബാക്കി വികർമ്മാജീത് സംവത്സരം എവിടെ! ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നന്നായി അറിയാം. ഭാരതത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും, പുതിയ ലോകത്തിന്റെ സംവത്സരവും കാണിക്കണം. പുതിയ ലോകത്തിൽ ആദി സനാതന ദേവീ ദേവതകളുടെ രാജ്യമായിരുന്നു അതുകൊണ്ട് അവരുടെ സംവത്സരവും പറയണം. കണക്ക് എടുക്കുകയാണെങ്കിൽ 5000 വർഷമായി. ഇത് തെളിയിച്ച് പറഞ്ഞു കൊടുക്കുകയാണെങ്കിൽ കല്പത്തിന്റെ ആയുസും തെളിയിക്കപ്പെടും, ലക്ഷകണക്കിന് വർഷമെന്ന് എഴുതിയിരിക്കുന്നത് തെറ്റെന്ന് തെളിയിക്കപ്പെടും. ഇക്കാര്യങ്ങൾ ബാബ വന്ന് മനസിലാക്കിതരുന്നു. ബാബ മനുഷ്യ സൃഷ്ടിയുടെ ബീജ രൂപനാണ്, സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ കുറിച്ച് അറിയാവുന്നവനാണ്. ലക്ഷ്മീ നാരായണന്റെ വംശത്തിന് 5000 വർഷമായി. രാമൻ സീതയുടെ വംശത്തിന് 3750 വർഷമായി. പിന്നെ അവരുടെ വംശം നടന്നു. പിന്നെ വിക്രമ സംവത്സരം തുടങ്ങുന്നു. വിക്രമ രാജാവിന്റെ സംവത്സരവും ശരിയല്ല, ഇടയ്ക്ക് കുറച്ച് വർഷങ്ങൾ കാണാനില്ല. 2500 വർഷമാണ് കാണിക്കേണ്ടത്. ഇസ്ലാമി, ബൗദ്ധികൾ കുറച്ച് സമയത്തിന് ശേഷമാണ് വരുന്നത്. അവർ 2000 വർഷമായി എന്ന് അവരുടേതായ സംവത്സരം കാണിക്കുന്നു.

നിങ്ങൾക്കറിയാം നമ്മൾ സർവ്വരും ദേവീ ദേവതകളായിരുന്നു, നമ്മൾ ചക്രം കറങ്ങി ഇപ്പോൾ ബ്രാഹ്മണനായിരിക്കുന്നു. ഈ ഹിസ്റ്ററി, ജിയോഗ്രഫി നന്നായി മനസിലാക്കി കൊടുക്കുണം. ബ്രാഹ്മണനിൽ നിന്നും വീണ്ടും ദേവതയാകുന്നു. ഹിസ്റ്ററി, ജിയോഗ്രഫി അറിയാം എങ്കിൽ സംവത്സരത്തെ കുറിച്ചും അറിയണം. ഏണിപ്പടിയുടെ ചിത്രത്തിൽ സംവത്സരം എഴുതിയിട്ടുണ്ട്. ഭാരതത്തിന്റെ സംവത്സരമാണ് അപ്രത്യക്ഷമായത്. പൂജ്യരായിരുന്നവരുടെ സംവത്സരമാണ് മറച്ചുകളഞ്ഞത്. പൂജാരിമാരുടെ സംവത്സരം ആരംഭിച്ചിരിക്കുകയാണ്. നോക്കൂ, അശോക സ്തംഭം എന്ന് പറയുന്നു. ദ്വാപരയുഗത്തിൽ അശോകനായി (ശോകരഹിതൻ) ആരുമില്ല. അശോകസ്തംഭം പകുതി കല്പം സത്യ-ത്രേതായുഗം വരെയുണ്ടാകും. അതിന്റെ മഹിമയാണിത്. ശോകസ്തംഭത്തിന്റെ മഹിമയില്ല. ഇവിടെ ദു:ഖം തന്നെ ദു:ഖമാണ്. അശോകാ ഹോട്ടൽ എന്നൊക്കെ പേര് വെച്ചിട്ടുണ്ട് എന്നാൽ അങ്ങനെയല്ല. പകുതി കല്പത്തെ ക്ഷണഭംഗുര

സുഖത്തെ അശോകമെന്ന് പറയുന്നു. ഇവിടെ അശോകമായി ഒന്നും ഇല്ല. മാംസം, ലഹരി, മോശമായത് കഴിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ദു:ഖിതരായതെങ്ങനെയാണ്? കാരണമെന്താണ്? ഒന്നും മനസിലാക്കുന്നില്ല.

കല്പം മുൻപും ആരൊക്കെയാണോ സ്വർഗത്തിൽ സുഖികളായിരുന്നത് അവരേ ഇക്കാര്യങ്ങൾ കേൾക്കു എന്ന് നിങ്ങൾക്കിപ്പോളറിയാം. അവിടെ ഇല്ലാതിരുന്നവർ കേൾക്കില്ല. ഭക്തി പൂർണ്ണമാക്കിയവർ എന്തെങ്കിലുമൊക്കെ വന്ന് പഠിക്കും. ജ്ഞാനം കേട്ട് ലോകർ സന്തോഷിക്കും. ചിത്രവും വ്യക്തമാണ്. സംവത്സരം എഴുതിയിട്ടുണ്ട്. ബ്രഹ്മാ, വിഷ്ണുവിന്റെ ജൻമവും ഇവിടെയാണ് ഉണ്ടാകേണ്ടത്. ബാക്കി ശങ്കരൻ സൂക്ഷ്മവതനത്തിലാണ്, ശിവൻ മൂലവതനത്തിലാണ്. സൂക്ഷ്മം, മൂലവതനത്തെക്കുറിച്ചും അറിയില്ല, അതുകൊണ്ട് ശിവശങ്കരനെ ഒന്നാക്കി. ശിവൻ പരമപിതാ പരമാത്മാവാണ്, ശങ്കരൻ ദേവതയാണ്. രണ്ടുപേരേയും ഒന്നാക്കാൻ സാധ്യമല്ല. നിങ്ങൾ കുട്ടികൾക്കിപ്പോൾ എത്ര അറിവാണ് ലഭിച്ചിരിക്കുന്നത്.. എത്ര ലഹരി ഉയരുന്നു. മനുഷ്യർക്ക് എങ്ങനെ മനസിലാക്കി കൊടുക്കാം എന്ന് രാത്രിയും പകലും വിചാരം ഉണ്ടാകണം. അറിവില്ലാത്തവർക്കാണ് മനസിലാക്കി കൊടുക്കുന്നത്. ഭാരതം മുൻപ് എന്തായിരുന്നു പിന്നെ എങ്ങനെ വീണുപോയി എന്ന് നിങ്ങൾക്കറിയാം. ഞങ്ങൾ വളരെ ഉന്നതി കൊണ്ടുവന്നു എന്നാണ് ലോകം കരുതുന്നത്. പണ്ട് ഇത്ര വലിയ കൊട്ടാരങ്ങൾ, വൈദ്യുതി തുടങ്ങിയവ ഉണ്ടായിരുന്നില്ല. ഇപ്പോൾ വളരെ ഉന്നതിയിലേക്ക് പോകുകയാണ് കാരണം അവർക്കറിയില്ല ഇത് കൃത്രിമം, അസത്യമാണെന്ന്. സത്യമായ ഉന്നതി സത്യയുഗത്തിലായിരുന്നു. ഇത് മനസിലാക്കി കൊടുക്കണം, അവർ തങ്ങളുടേതായ ലഹരിയിലാണ്, നിങ്ങൾ നിങ്ങളുടേതായ ലഹരിയിലാണ്. മുങ്ങിയ വിശ്വമാകുന്ന കപ്പലിനെ നമ്മൾ ബാബ യുടെ ജ്ഞാനത്തിലൂടെ രക്ഷിക്കുകയാണെന്ന് നിങ്ങൾക്ക് സന്തോഷമുണ്ട്. ബാബ ഞങ്ങൾക്ക് വീണ്ടും സത്യനാരായണന്റെ കഥ അഥവാ അമര കഥ കേൾപ്പിച്ച് തരികയാണ്. ഭക്തീമാർഗ്ഗത്തിൽ അനേക കഥകൾ കേൾപ്പിക്കുന്നു. അത് സർവ്വതും അസത്യമായ കഥകളാണ്, അതിലൂടെ ഒരിക്കലും പ്രയോജനമില്ല. ഈ ശാസ്ത്രങ്ങളൊക്കെ പഠിച്ചാണ് വന്നത് എന്നിരുന്നിട്ടും സൃഷ്ടി തമോപ്രധാനമായി കൊണ്ടിരിക്കുന്നു. പടികൾ ഇറങ്ങി വന്നിട്ട് എന്ത് പ്രയോജനമുണ്ടായി ? സിക്ക്കാരും മേള വെയ്ക്കാറുണ്ട്. അവിടെ കുളത്തിൽ സ്നാനം ചെയ്യുന്നു. അവർ ഗംഗ, യമുന തുടങ്ങിയവയെ അംഗീകരിക്കുന്നില്ല. സിക്ക്കാർ കുംഭ മേള യ്ക്ക് പോകാറില്ല. അവർ തങ്ങളുടെ കുളത്തിൽ പോകുന്നു. അവർക്ക് പ്രത്യേകം പരിപാടികൾ ഉണ്ടായിരിക്കും. ചിലപ്പോൾ വൃത്തിയാക്കുവാൻ വേണ്ടിയും പോകുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. സത്യയുഗത്തിൽ നദികളൊക്കെ പൂർണ്ണമായും ശുദ്ധമായിരിക്കും. അവിടെ ഗംഗ, യമുനയിൽ അഴുക്ക് ഒന്നും ഉണ്ടാകില്ല. അവിടത്തെ ഗംഗാ ജലവും ഇവിടത്തെ ഗംഗാ ജലവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ഇവിടെ ഒരുപാട് അഴുക്ക് വീഴുന്നു. അവിടെ ഓരോ വസ്തുവും ഫസ്റ്റ് ക്ലാസ് ആയിരിക്കും.

നമ്മളുടെ രാജധാനി ഇങ്ങനെയായിരിക്കും എന്ന് കുട്ടികൾക്ക് ഇപ്പോൾ വളരെ സന്തോഷമുണ്ട്. നമ്മൾ വീണ്ടും 5000 വർഷത്തിന് ശേഷം ശ്രീമതമനുസരിച്ച് സ്വർഗത്തിന്റെ സ്ഥാപന ചെയ്യുകയാണെന്ന് കുട്ടികൾക്കറിയാം. പേര് തന്നെ സ്വർഗം, വൈകുണ്ഠം എന്നാണ്. അവിടെ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. ശാന്തിധാമം അഥവാ നിർവ്വാണധാമം ഒന്നാണ്. നമ്മൾ ശാന്തിധാമത്തിൽ എങ്ങനെയാണ് ഇരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. മുകളിൽ ശിവ ബാബ പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കരൻ, പിന്നെ ദേവതകളുടെ മാല, പിന്നെ ക്ഷത്രിയ, വൈശ്യ, ശൂദ്രർ. നിരാകാരി വൃക്ഷത്തിൽ നിന്ന് ആത്മാക്കൾ സംഖ്യാക്രമമായി വന്നുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ വരാത്ത ആത്മാക്കൾ പഠിക്കുവാനായി ഒരിക്കലും വരില്ല. ഹിന്ദു ധർമ്മമാണ് വേറിട്ടിരിക്കുന്നതുപോലെ നില്ക്കുന്നത്. ആദി സനാതന ദേവീ ദേവ താ ധർമ്മം ഉണ്ടായിരുന്നു എന്ന് ആർക്കും അറിയില്ല. ആ ധർമ്മം എങ്ങനെ, എപ്പോൾ സ്ഥാപിക്കപ്പെട്ടു എന്ന് ആർക്കും അറിയില്ല. നിങ്ങൾക്കിപ്പോൾ ഈ ജ്ഞാനം നല്കിയിരിക്കുന്നു, ഇനി മറ്റുള്ളവർക്കും മനസിലാക്കി കൊടുക്കു. ചിത്രങ്ങൾ വളരെ സഹജമാണ്. ഇവർ ഈ രാജ്യം എപ്പോൾ എങ്ങനെ നേടി? കൂടാതെ എത്ര കാലത്തോളം രാജ്യം ഭരിച്ചു എന്ന് ആർക്ക് വേണമെങ്കിലും മനസിലാക്കികൊടുക്കുവാൻ സാധിക്കും. ഇന്ന സംവത്സരം മുതൽ ഇന്ന സംവത്സരം വരെ രാമൻ സീത രാജ്യം ഭരിച്ചു എന്ന് ഇവരുടെയും ഉണ്ടാകണം. പിന്നെ പുറകെ പതീത രാജാക്കൻമാരുടെ ഭരണം തുടങ്ങുന്നു. ഈ ദേവതകളാണ് മുഖ്യം, അവരുടെ പൂജ നടക്കുന്നു. വാസ്തവത്തിൽ മഹിമ മുഴുവനും ഒരേ ഒരു പൂജ്യനായ ബാബയുടെയാണ് ഉണ്ടാകേണ്ടത്. ഭക്തീമാർഗ്ഗത്തിൽ സർവ്വരേയും പൂജിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടേതായ സമയത്ത് ഓരോരുത്തരുടെയും മഹിമയുണ്ടാകുന്നു. ക്ഷേത്രങ്ങളിലൊക്കെ പോയി പൂജ ചെയ്യുന്നു എന്നാൽ അവരെ കുറിച്ച് ഒന്നും അറിയില്ല. ഇപ്പോൾ നിങ്ങൾ മനസിലാക്കികൊടുക്കുമ്പോൾ കേട്ട് സന്തോഷിക്കുന്നു അതുകൊണ്ടാണ് സെന്ററുകൾ തുറക്കുന്നത്. ഈ ജ്ഞാനത്തിലൂടെ നമ്മൾ ദേവതകളാകുമെന്ന് മനസിലാക്കുന്നു. ബാബ വന്ന് പാവപ്പെട്ടവരെ ധനികരാക്കി. ബാബ വന്ന് കുട്ടികൾക്ക് മനസിലാക്കി തരുന്നു,

കുട്ടികൾ പിന്നെ മറ്റുള്ളവർക്ക് മനസിലാക്കി കൊടുത്ത് അവരുടെ ഭാഗ്യം തുറക്കണം. ലോകത്തിന്റെ ഹിസ്റ്ററി, ജ്യോഗ്രഫി ഇപ്പോൾ നിങ്ങൾ ബാബയിലൂടെ കേൾക്കുന്നു. അത് മനസിലാക്കുന്നതിലൂടെ നിങ്ങൾ സർവ്വതും മനസിലാക്കുന്നു. ലോകത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും തീർച്ചയായും ലോകത്തിന്റെ രചയിതാവ്, ബീജരൂപൻ ആണ് കേൾപ്പിക്കുന്നത്. ബാബമാത്രമാണ് നോളജ്ഫുൾ. ബാബ നിരാകാരിയായ ശിവനാണ്. ദേഹധാരിയെ ഭഗവാൻ, രചയിതാവ് എന്ന് പറയാൻ സാധിക്കില്ല. സർവ്വ ആത്മാക്കളുടെയും പിതാവ് നിരാകാരിയാണ്. ആ ബാബയിരുന്ന് ആത്മാക്കൾക്ക് മനസിലാക്കി തരുന്നു. ഞാൻ പരംധാമത്തിൽ വസിക്കുന്നവനാണ്. ഞാൻ ഇപ്പോൾ ഈ ശരീരത്തിൽ വന്നിരിക്കുന്നു. ഞാനും ആത്മാവാണ്. ഞാൻ ബീജ രൂപനാണ്, ജ്ഞാനപൂർണ്ണനായതു കാരണം നിങ്ങൾ കുട്ടികൾക്ക് മനസിലാക്കിതരുന്നു. ഇതിൽ ആശിർവാദത്തിന്റെയോ, കൃപയുടെയോ കാര്യമില്ല. അല്പകാല സുഖത്തിന്റെ കാര്യമില്ല. അല്പകാല സുഖം മനുഷ്യർ തരുന്നു. ഒരാൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടായാൽ മതി പേര് പ്രശസ്തമാകുന്നു. നിങ്ങളുടെ പ്രാപ്തി 21 ജൻമങ്ങളിലേക്കാണ്. ബാബയ്ക്കല്ലാതെ മറ്റാർക്കും ഇങ്ങനെയൊരു പ്രാപ്തി ഉണ്ടാക്കിതരാൻ സാധിക്കില്ല. 21 ജൻമങ്ങളിലേക്ക് നിരോഗിയായ ശരീരം ആർക്കും ഉണ്ടാക്കാൻ സാധിക്കില്ല. ഭക്തീമാർഗ്ഗത്തിൽ മനുഷ്യർക്ക് അല്പമെങ്കിലും സുഖം ലഭിച്ചാൽ സന്തുഷ്ടരാകുന്നു. ഇവിടെ 21 ജൻമങ്ങളിലേക്ക് പ്രാലബ്ധം നേടുന്നു. എന്നിട്ടും പുരുഷാർത്ഥം ചെയ്യാത്ത ധാരാളം പേരുണ്ട്. അവരുടെ ഭാഗ്യത്തിലില്ല. എല്ലാവരെകൊണ്ടും പരിശ്രമം ഒരുപോലെയാണ് ചെയ്യിപ്പിക്കുന്നത്. ആ പഠിനത്തിൽ ചിലപ്പോൾ വേറെ ടീച്ചറിനെ വേണമെങ്കിൽ ലഭിക്കും. ഇവിടെ ഒരേ ഒരു ടീച്ചറാണ്. നിങ്ങൾ പ്രത്യേകമായി മനസിലാക്കികൊടുക്കുന്നുണ്ടാകാം എന്നാലും ജ്ഞാനം ഒന്നാണ്, കേവലം ഓരോരുത്തരും സ്വീകരിക്കുന്നതിൽ അടിസ്ഥാമാക്കിയാണ്. ഇതും ഒരു കഥയാണ്, ഇതിൽ സർവ്വ രഹസ്യങ്ങളും വരുന്നു. ബാബ സത്യനാരായണന്റെ കഥ കേൾപ്പിക്കുന്നു. നിങ്ങൾക്ക് ദിവസവും വർഷവും എല്ലാം പറഞ്ഞുകൊടുക്കാൻ സാധിക്കും. സത്യനാരായണന്റെ കഥ കേൾപ്പിച്ച് കൊടുക്കുന്ന ചിലർ പ്രശസ്ഥമായിരിക്കും. അവർക്ക് മുഴുവൻ കഥയും കാണാപ്പാഠമായിരിക്കും. നിങ്ങൾ ഈ സത്യമായ സത്യനാരായണന്റെ കഥ കാണാപ്പാഠമാക്കു. വളരെ സഹജമാണ്. ബാബ ആദ്യം പറയുന്നു മൻമനാഭവ, പിന്നെയിരുന്ന് ചരിത്രം മനസിലാക്കികൊടുക്കു. ഈ ലക്ഷ്മീ നാരായണന്റെ സംവത്സരം പറഞ്ഞുകൊടുക്കാൻ സാധിക്കില്ലേ. ബാബ എങ്ങനെയാണ് സംഗമയുഗത്തിൽ വരുന്നതെന്ന് താങ്കൾ വരികയാണെങ്കിൽ ഞങ്ങൾ പറഞ്ഞുതരാം. ബ്രഹ്മാവിന്റെ ശരീരത്തിൽ വന്ന് കേൾപ്പിക്കുന്നു. ആർക്ക്? ബ്രഹ്മാ മുഖവംശാവലികൾക്ക്. അവർ പിന്നീട് ദേവതയാകുന്നു, 84 ജൻമങ്ങളുടെ കഥയാണ്. ബ്രാഹ്മണനിൽ നിന്നും ദേവതയാകുന്നു. ജ്ഞാനം പൂർണ്ണമായും ഉണ്ട്, ഇത് കേട്ട് പിന്നെയിരുന്ന് ആവർത്തിച്ചാൽ നമ്മൾ ദേവതകളായിരുന്നു പിന്നെ ഇങ്ങനെ ചക്രം കറങ്ങി തുടങ്ങി ബുദ്ധിയിൽ സർവ്വതും വരും. ഇതാണ് സത്യ നാരായണന്റെ കഥ. എത്ര സഹജമാണ്, എങ്ങനെ രാജ്യം നേടി പിന്നെ എങ്ങനെ നഷ്ടപ്പെടുത്തി..... എത്ര സമയം രാജ്യം ഭരിച്ചു. ലക്ഷ്മീ നാരായണൻ, അവരുടെ കുലം, വംശം ഉണ്ടായിരുന്നില്ലേ. സൂര്യ വംശീ കുലം, പിന്നെ ചന്ദ്ര വംശീ കുലം പിന്നെ സംഗമത്തിൽ ബാബ വന്ന് ശൂദ്ര വംശികളെ ബ്രാഹ്മണ വംശികളാക്കുന്നു. നിങ്ങൾ ഈ സത്യം സത്യമായ കഥ കേൾക്കുന്നു.സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ വജ്രരത്നങ്ങളുടെ കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. ഇപ്പോളെന്താണ്. ബാബ ഈ കഥ കേൾപ്പിച്ചിട്ടുണ്ടല്ലോ.

ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ അഴുക്ക് പോകും. അഴുക്ക് പോകുന്നതിനനുസരിച്ച് ഉയർന്ന പദവി നേടും. സംഖ്യാക്രമമായി മനസിലാക്കുന്നു. ആർക്കൊക്കെ നല്ലരീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യാൻ സാധിക്കുമെന്ന് ബാബയ്ക്കറിയാം. മനസിലാക്കി കൊടുക്കാൻ പ്രയാസമില്ല. വളരെ സഹജമാണ്. മനുഷ്യനിൽ നിന്നും ദേവതയാകുക എന്നത് പ്രശസ്ഥമാണ്. ഇടയ്ക്കിടയ്ക്ക് ഈ സത്യ നാരായണന്റെ കഥ കേൾപ്പിച്ചു കൊടുക്കു. അത് അസത്യമാണ്, ഇത് സത്യമാണ്. സെന്ററിലും സത്യ നാരായണന്റെ കഥ കേൾപ്പിച്ചു കൊണ്ടിരിക്കു അഥവാ മുരളി കേൾപ്പിച്ചു കൊണ്ടിരിക്കു. ഇത് വളരെ സഹജമാണ്. ആർക്ക് വേണമെങ്കിലും സെന്റർ നടത്താൻ സാധിക്കും. എന്നാൽ പിന്നെ ലക്ഷണവും നല്ലതായിരിക്കണം. പരസ്പരം ഉപ്പ് വെള്ളം പോലെയാകരുത്. പരസ്പരം മധുരതയോടെ പോകുന്നില്ലായെങ്കിൽ മൂല്യം നഷ്ടപ്പെടുത്തുന്നു. ബാബ പറയുന്നു: എന്റെ നിന്ദയ്ക്ക് കാരണമായാൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ആ ഗുരുക്കൻമാർ ഇത് തങ്ങളെ കുറിച്ചാണെന്നാക്കി. അതിനവർ ഉയർന്ന വഴിയൊന്നും പറഞ്ഞുതരുന്നില്ലല്ലോ. വഴി പറയുന്നത് ഒരാൾ മാത്രമാണ്, ആ ബാബയെ നിന്ദിച്ചാൽ ശിക്ഷയ്ക്ക് പാത്രമായിതീരും. പിന്നീട് പദവിയും ഭ്രഷ്ടമാകും. മുഖം കറുപ്പിക്കുകയാണെങ്കിൽ തങ്ങളുടെ സത്യനാശമാണ് ചെയ്യുന്നത്. പരാജയപ്പെടുന്നവരിൽ ചിലർ സത്യതയോടെ എഴുതുന്നു, ചിലർ കള്ളവും പറയുന്നു. അഥവാ സത്യമായ കഥ കേൾപ്പിച്ചുകൊണ്ടിരുന്നാൽ ബുദ്ധിയിൽ നിന്നും അസത്യം പോകും. ബാബയെ നിന്ദിക്കുന്ന രീതിയിലുള്ള പെരുമാറ്റം ഉണ്ടാകരുത്. ഇത്തരം അവസ്ഥയുള്ളവർ എവിടെ

പോയാലും അങ്ങനെയുള്ള പെരുമാറ്റം കാണിക്കുന്നു. എനിക്ക് പരിവർത്തനപ്പെടാൻ സാധിക്കില്ല എന്ന് സ്വയം തന്നെ മനസിലാക്കുന്നു. അപ്പോൾ പിന്നെ അവർക്ക് നിർദ്ദേശം നല്കുന്നു- വീട്ടിൽ ഗൃഹസ്ഥത്തിൽ ഇരുന്നോളു. ധാരണ ഉണ്ടാകുമ്പോൾ ശേഷം സേവനം ചെയ്യൂ. വീട്ടിൽ ഇരുന്നാൽ നിങ്ങളുടെമേൽ ഇത്ര പാപം കയറില്ല. ഇവിടെ സാധാരണ പെരുമാറ്റം ഉണ്ടായാൽ നിന്ദിക്കുകയാണ്, ഇതിനേക്കാൾ ഗൃഹസ്ഥ വ്യവഹാരത്തിൽ കമല പുഷ്പസമാനം ഇരിക്കുന്നതാണ് നല്ലത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഉള്ളിൽ നിന്നും അസത്യം പോകണം അതിനുവേണ്ടി സദാ സത്യനാരായണന്റെ കഥ കേൾക്കുകയും കേൾപ്പിക്കുകയും വേണം. ബാബയെ നിന്ദിക്കുന്ന രീതിയിലുള്ള പെരുമാറ്റം ഉണ്ടാകരുത്.

2) പരസ്പരം മധുരതയോടെ ഇരിക്കണം, ഒരിക്കലും ഉപ്പ് വെള്ളം പോലെയാകരുത്. നല്ല ലക്ഷണങ്ങൾ ധാരണ ചെയ്തിട്ട് സേവനം ചെയ്യൂ.

## വരദാനം:- ബ്രാഹ്മണ ജീവിത്തിൽ ആശംസകളുടെ പാലനയിലൂടെ സദാ വളർച്ചയെ പ്രാപിക്കുന്ന കോടാനുകോടി ഭാഗ്യവാനായി ഭവിക്കൂ

സംഗമയുഗത്തിൽ വിശേഷ സന്തോഷങ്ങൾ നിറഞ്ഞ ആശംസകളാൽ തന്നെയാണ് സർവ്വ ബ്രാഹ്മണരും വൃദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കുന്നത്. ബ്രാഹ്മണ ജീവിതത്തിന്റെ പാലനയുടെ ആധാരം ആശംസകളാണ്. അച്ഛന്റെ സ്വരൂപത്തിൽ എല്ലായിപ്പോഴും ആശംസകളുണ്ട്, അധ്യാപകന്റെ സ്വരൂപത്തിൽ സദാ സബാഷ്-സബാഷ് എന്ന വാക്ക് പദവിയോടെ വിജയിയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു, സദ്ഗുരുവിന്റെ രൂപത്തിൽ ഓരോ ശ്രേഷ്ഠ കർമ്മത്തിന്റെയും ആശീർവ്വാദങ്ങൾ ആനന്ദം നിറഞ്ഞ ജീവിതം അനുഭവ വേദ്യമാക്കിക്കൊണ്ടിരിക്കുന്നു, അതുകൊണ്ട് കോടാനുകോടി ഭാഗ്യവാനാണ്, ഭാഗ്യവിധാതാ ഭഗവാന്റെ സന്താനം, സമ്പൂർണ്ണ ഭാഗ്യത്തിന്റെ അധികാരിയായിരിക്കുന്നു.

## സ്ലോഗൻ:- സത്യമായ സേവനത്തിലൂടെ സർവ്വരുടെയും ആശീർവ്വാദം പ്രാപ്തമാക്കുന്നവർ തന്നെയാണ് ഭാഗ്യവാൻ.